## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2134** **5/12/2018 ൽ മറുപടിക്ക്**

### അഴിമതി നിരോധന നിയമപ്രകാരമുള്ള വിജിലൻസിന്റെ അന്വേഷണം

**ചോദ്യം** — ശ്രീ.കെ.സി.ജോസഫ്

**മറുപടി** — പിണറായി വിജയൻ (മുഖ്യമന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| (എ) | അഴിമതി നിരോധന നിയമപ്രകാരം വിജിലൻസിന്റെ അന്വേഷണം അധികാരപരിധി വിടാതിരിക്കുന്നതിനായി കേരള ഹൈക്കോടതി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; | (എ) (ബി) & (സി) | ബഹു.കേരളാഹൈക്കോടതിയുടെ ഒ.പി.നമ്പർ (Crl) 83/2017 കേസിൽ 2018 ഒക്ടോബർ 15-ാം തീയതിയിലെ ഉത്തരവിൽ ചില മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കാരിന്റെ നയപരമായ തീരുമാനങ്ങളേയും ഭരണപരമായ നടപടികളേയും സംബന്ധിച്ച് അഴിമതി നിരോധന നിയമപ്രകാരമുള്ള അന്വേഷണം നടത്താൻ കഴിയില്ല. ഭരണപരമായ നടപടികളിലോ തീരുമാനങ്ങളിലോ ചുമതല നിർവ്വഹണത്തിലോ വ്യക്തിപരമായ അഴിമതിയോ കുറ്റകരമായ സ്വഭാവദൂഷ്യമോ അഴിമതി നിരോധന നിയമത്തിൽ നിർവ്വചിച്ചിട്ടുള്ള പ്രകാരമോ വ്യക്തമാകുന്നതോ ആയ കാര്യങ്ങൾ പോലീസിനോ വിജിലൻസിനോ അന്വേഷണം നടത്താവുന്നതാണ്. ഇക്കാര്യങ്ങളാണ് ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങൾ വിശദമാക്കുമോ; | | |
| (സി) | നയപരമോ ഭരണപരമോ ആയ തീരുമാനം അഴിമതി നിരോധന നിയമപരിധിയിൽ വരില്ലായെന്ന് കോടതി വ്യക്തമാക്കിയിട്ടുണ്ടോ; | | |
| (ഡി) | എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ, വിജിലൻസ് നടത്തുന്ന ഏതെങ്കിലും അന്വേഷണം അവസാനിപ്പിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ? | (ഡി) | നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ